DESPATCH 6/2/23...

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 134*(2)/2021*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **2124**/*എസ്.ഐ.സി-ജി 6/21*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ. കെ.രവികുമാർ,**
**അജയഭവനം,**
**ചങ്ങൻകുളങ്ങര,**
**ഓച്ചിറ പി.ഒ., കൊല്ലം,**
**പിൻ – 690 526.** } **അപ്പീൽ ഹർജിക്കാരൻ**

Vs

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&**
**സ്റ്റേഷൻ ഹൗസ് ഓഫീസർ,**
**ഓച്ചിറ പോലീസ് സ്റ്റേഷൻ.**

2. **അപ്പീൽ അധികാരി&**
**അസിസ്റ്റന്റ് പോലീസ് കമ്മീഷണർ,**
**അസിസ്റ്റന്റ് പോലീസ് കമ്മീഷണറുടെ കാര്യാലയം,**
**കരുനാഗപ്പള്ളി.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 03.10.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 02.11.2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 14.11.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | – |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 31.01.2021 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 06.02.2021 |
| ഹിയറിംഗ് നടന്ന തീയതി | 29.12.2022, കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, കൊല്ലം |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## <u>ഉത്തരവ്</u>

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ ഒന്നാം അപ്പീൽ നൽകിയെന്നും എന്നാൽ ഒന്നാം അപ്പീൽ അധികാരിയും മറുപടി ലഭ്യമാക്കിയില്ലെന്നാണ്.

2. അപ്പീൽ ഹർജിക്കാരൻ 03.10.2020ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 02.11.2020ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്,

1. ഓച്ചിറ പോലിസ് സ്റ്റേഷൻ ക്രൈം 386/08ന്റെ റിക്കാർഡുകൾ 61 പേജുകളുണ്ടെന്നും ആയതിന് പേജൊന്നിന് 2/- രൂപാ ക്രമത്തിൽ ട്രഷറിയിൽ പണം അടച്ച് ചെലാൻ ഹാജരാക്കുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണെന്നും ടി കേസിന്റെ UN നമ്പർ ലഭ്യമായിട്ടില്ലാത്തതാണെന്നും ടി കേസ് പുനരന്വേഷിക്കുന്നതിനായി ബഹു.ജില്ലാ പോലീസ് മേധാവി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നുവെന്നുമാണ്.
2. ഓച്ചിറ പോലീസ് സ്റ്റേഷനിൽ 2007 മുതൽ ജോലി നോക്കി വന്നിരുന്ന സ്റ്റേഷൻ ഹൗസ് ഓഫീസർമാരുടേയും 2003 മുതൽ കരുനാഗപ്പള്ളി സർക്കിൾ ഇൻസ്പെക്ടർമാരായി ജോലി നോക്കി വന്നിരുന്ന ഉദ്യോഗസ്ഥരുടേയും പേരു വിവരങ്ങൾ ചേർത്തിട്ടുണ്ടെന്നും ടി ഉദ്യോഗസ്ഥരുടെ നിലവിലെ ഔദ്യോഗിക വിലാസങ്ങളും ടിയാന്മാരുടെ ശമ്പളം, പെൻഷൻ മുതലായ വിവരങ്ങളും ടി പോലീസ് സ്റ്റേഷനിൽ ലഭ്യമല്ലെന്നാണ്.
3. ടിയാന്റെ ആവശ്യം പൊതുതാല്പര്യമല്ലാത്തതായതിനാലും വ്യക്തികളുടെ സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റമായതിനാലും ഓച്ചിറ പോലീസ് സ്റ്റേഷൻ പരിധിയിൽ താമസിക്കുന്ന ഗുണ്ടകളുടെ പേരും വിലാസവും ലഭ്യമാക്കുന്നതിന് നിർവ്വാഹമില്ലെന്നാണ്.

4. ഗ്രാമ ഗുണ്ടാ സംഘം എന്നൊരു വിഭാഗം സൈലന്റ് ജംഗ്ഷൻ ഗുണ്ടാ സംഘം എന്നിങ്ങനെയുള്ള ഗുണ്ടാസംഘങ്ങൾ ടി പോലീസ് സ്റ്റേഷൻ പരിധിയിൽ പ്രവർത്തിക്കുന്നില്ല എന്നു മാണ് അറിയിച്ചത്.

ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി ഹർജിക്കാരൻ ഒന്നാം അപ്പീൽ സമർപ്പിച്ചതായും കാണുന്നു.

3. 12.03.2021ന് രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജി 24.02.2021ൽ ടി കാര്യാലയത്തിൽ ലഭിച്ചതു പ്രകാരം റിക്കാർഡുകൾ പരിശോധിച്ചതിൽ ഹർജിക്കാരന്റെ അപ്പീൽ ഹർജി ടി ഓഫീസിൽ ലഭിച്ചതായി കാണുന്നില്ലെന്നും ആകയാൽ ടി അപ്പീൽ ഹർജി സംബന്ധിച്ചുള്ള വിവരങ്ങൾ ടി കാര്യാലയത്തിൽ ലഭ്യമല്ലെന്നുമാ ണ്. തുടർന്ന് ടി അപ്പീൽ അപേക്ഷയിന്മേൽ റിപ്പോർട്ട് തയ്യാറാക്കുന്നതി നായി 25.02.2021ൽ ടി കാര്യാലയത്തിൽ നിന്നും ഓച്ചിറ പോലീസ് സ്റ്റേഷൻ എസ്.പി.ഐ.ഒ.യോട് ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷ യിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും രേഖകളുടെ പകർപ്പും അപേക്ഷയുടെ പകർപ്പും റിപ്പോർട്ട് സഹിതം ഹാജരാക്കുന്നതിന് ആവശ്യ പ്പെട്ടതു പ്രകാരം റിപ്പോർട്ടും അപേക്ഷയുടെ പകർപ്പും രേഖകളും ഉൾപ്പെടെ ഹാജരാക്കിയെന്നുമാണ്. എസ്.പി.ഐ.ഒ.യുടെ റിപ്പോർട്ടു പരി ശോധിച്ചതിൽ ടിയാൻ ആവശ്യപ്പെട്ട രേഖകൾ 61 പേജുണ്ടെന്നും ആയതിന് പേജൊന്നിന് 2/- രൂപാ ക്രമത്തിൽ ട്രഷറിയിൽ തുക ഒടുക്കി ചെലാൻ ഹാജരാക്കുന്ന മുറയ്ക്ക് ടി റിക്കാർഡുകൾ ലഭ്യമാക്കുന്നതാണെന്നും കാണിച്ചുകൊണ്ട് ടിയാന് മറുപടി നൽകിയിരുന്നുവെന്നും ടി മറുപടി ലഭിച്ച് രണ്ടു ദിവസത്തിനകം ടിയാൻ സ്റ്റേഷനിലെത്തി ട്രഷറിയിൽ പണം ഒടുക്കി യിട്ട് വരാം എന്നു പറഞ്ഞ് പോയതിനു ശേഷം നാളിതുവരെയും തുക ഒടുക്കിയ രസീത് ഹാജരാക്കിയിട്ടില്ലെന്നുമാണ്. കൂടാതെ കേസ്സിന്റെ അന്വേ ഷണത്തിൽ ടി കേസ്സിലെ പ്രതികളാരാണെന്ന് വെളിവായിട്ടില്ലാത്തതിനാൽ ടി കേസ്സ് തെളിയേണ്ടും പട്ടികയിൽ ചേർത്ത് സാവകാശം അന്വേഷണം നടത്തുന്നതിനായി 15.11.2008 തീയതിയിൽ ടി കേസ്സിന്റെ UN റിപ്പോർട്ട്

റിപ്പോർട്ട് തയ്യാറാക്കി കോടതി മുമ്പാകെ സമർപ്പിച്ചിരുന്നുവെന്നും ആയത് ബഹു കോടതി UN 61/09 ആയി ഫയലിൽ സ്വീകരിച്ചിട്ടുള്ളതും തുടർന്ന് ടി കേസ്സിന്റെ അന്വേഷണം ശരിയായ രീതിയിലല്ല നടത്തിയിട്ടുള്ളതെന്നും ആയതിനാൽ ടി കേസ്സ് പുനരന്വേഷണം നടത്തുന്നതിനായി കൊല്ലം ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവ് നമ്പർ D1-45690/2010/Q Dtd:17.09.2010 പ്രകാരം കരുനാഗപ്പള്ളി സർക്കിൾ ഇൻസ്പെക്ടറെ ചുമതലപ്പെടുത്തിയിരുന്നതാണെന്നും തുടർന്ന് കരുനാഗപ്പള്ളി സർക്കിൾ ഇൻസ്പെക്ടറുടെ ചുമതലയിലുണ്ടായിരുന്ന ബി.ഗോപകുമാർ, എം.അനിൽകുമാർ, ഡി.രാധാകൃഷ്ണപിള്ള, കെ.എ.വിദ്യാധരൻ, റ്റി.രാജപ്പൻ റാവുത്തർ എന്നിവർ അന്വേഷിച്ചിട്ടും ടി കേസ്സിലെ കൃത്യം ആരാൽ ചെയ്യപ്പെട്ടു എന്ന് വെളിവാകാത്തതിനാൽ ടി കേസ്സ് തെളിയേണ്ടും പട്ടികയിൽ ചേർത്ത് സാവകാശം അന്വേഷിക്കുന്നതിനായി 17.2. 2016ന് ടി കേസ്സിന്റെ UN റിപ്പോർട്ട് തയ്യാറാക്കി ബഹു.കോടതിയിൽ ഹാജരാക്കിയിട്ടുള്ളതാണെന്നും ടി കേസ്സിന്റെ സി.ഡി.ഫയൽ തുടർച്ചയായി കൈകാര്യം ചെയ്തത് വഴി ടി കേസ്സിന്റെ UN റിപ്പോർട്ടിന്റെ അവസാന ഭാഗം ഏതോ വിധം നഷ്ടപ്പെട്ടു പോയിട്ടുള്ളതാണെന്നും ഓച്ചിറ പോലീസ് സ്റ്റേഷൻ എസ്.പി.ഐ.ഒ.യുടെ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ടെന്നുമാണ്. കൂടാതെ ഹർജിക്കാരന്റെ അപേക്ഷയിൽത്തന്നെ അധിക ഫീസ് ആവശ്യമെങ്കിൽ ഒടുക്കാൻ സന്നദ്ധനാണെന്ന് സമ്മതിച്ചിട്ടുണ്ടെന്നും ആയതിനാലാകാം എസ്.പി.ഐ.ഒ. ഫീസ് വിവരങ്ങൾ കാണിച്ചുകൊണ്ട് ഹർജിക്കാരന് മറുപടി കത്ത് തയ്യാറാക്കി അയച്ചതെന്നുമാണ്.

ഹർജിക്കാരൻ ടിയാന്റെ അപേക്ഷയിൽ 2-ാമതായി ഉന്നയിച്ച വിവരത്തിന് ഓച്ചിറ പോലീസ് സ്റ്റേഷൻ എസ്.പി.ഐ.ഒ. തയ്യാറാക്കി അയച്ചുതന്ന സ്റ്റേഷൻ ഹൗസ് ഓഫീസർമാരുടെ പട്ടിക ഉള്ളടക്കം ചെയ്യുന്നുവെന്നും ഇതോടൊപ്പം ഹാജരാക്കിയ റിപ്പോർട്ട് പരിശോധിച്ചതിൽ ഓച്ചിറ പോലീസ് സ്റ്റേഷനിൽ 2003 കാലയളവു മുതലും സ്റ്റേഷൻ ഹൗസ് ഓഫീസർ പദവി സബ്-ഇൻസ്പെക്ടറിൽ നിന്നും പോലീസ് ഇൻസ്പെക്ടറിലേയ്ക്ക് മാറിയതിനു മുമ്പും ശേഷമുള്ള ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ആരാഞ്ഞുകൊണ്ട്

നൽകിയ വിവരാവകാശ അപേക്ഷയിന്മേൽ നൽകിയ മറുപടിയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് സ്റ്റേഷൻ ചാർജ്ജ് വഹിക്കുന്ന ഉദ്യോഗസ്ഥ രുടെപേരുവിവരങ്ങൾ ആണെന്ന് കരുതി 04.03.2019 മുതൽ 10.03.2019 രാവിലെ വരെ താൽക്കാലിക സ്റ്റേഷൻ ചുമതല വഹിച്ചിരുന്നതിനാലും സ്റ്റേഷൻ ചാർജ്ജ് വഹിക്കുന്ന ഉദ്യോഗസ്ഥരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാ ത്തതിനാലും സബ്-ഇൻസ്പെക്ടർ ശ്രീ.സാബുവിന്റെ പേര് ഉൾപ്പെടുത്തി യിരുന്നില്ലെന്നും ടിയാന്റെ കൂടി പേര് ഉൾപ്പെടുത്തിയ ലിസ്റ്റ് ഇതൊടൊപ്പം ചേർത്തിരിക്കുന്നു എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നുമാണ്. എന്നാൽ ഹർജിക്കാരൻ 3-ാമതായി ഉന്നയിച്ച ചോദ്യം സംബന്ധിച്ച വിവരങ്ങൾ ലഭ്യ മാക്കുന്നതിനായി 01.03.2021ൽ ടി കാര്യാലയത്തിൽ നിന്നും വിവരങ്ങൾ ആവശ്യപ്പെട്ടതനുസരിച്ച് 04.03.2021ൽ ഓച്ചിറ പോലീസ് സ്റ്റേഷനിലെ എസ്.പി.ഐ.ഒ. പകർപ്പ് ഹാജരാക്കിയതിൽ ടി സ്റ്റേഷൻ പരിധിയിൽ അറിയപ്പെടുന്ന ഗുണ്ടകളാരും തന്നെയില്ലെന്നും ഗുണ്ടകളെ സംബന്ധിച്ചുള്ള വിവരത്തിന് പ്രത്യേക രജിസ്റ്റർ ഒന്നും സൂക്ഷിച്ചിട്ടില്ലെന്നും കാണിച്ച് ടി കാര്യാലയത്തിൽ റിപ്പോർട്ട് ഹാജരാക്കിയിട്ടുണ്ടെന്നും ആയതു സംബന്ധിച്ച് അന്വേഷിച്ചതിൽ സ്റ്റേഷനിൽ ഗുണ്ടകളുടെ പട്ടിക പ്രത്യേക മായി സൂക്ഷിക്കുന്നില്ലെന്നും എന്നാൽ കേരളാ സാമൂഹ്യവിരുദ്ധ പ്രവർത്ത നങ്ങൾ തടയൽ നിയമം-2007 അനുസരിച്ച് അറിയപ്പെടുന്ന ഗുണ്ടാ വിഭാഗ ത്തിൽപ്പെട്ട ആരും ടി സ്റ്റേഷൻ പരിധിയിൽ ഇല്ലെന്നും ബോധ്യപ്പെട്ടിട്ടുണ്ടെ ന്നാണ്. ഹർജിക്കാരൻ 4-ാമതായി ഉന്നയിച്ച ചോദ്യം ഗ്രാമഗുണ്ടാ സംഘം സൈലന്റ് ജംഗ്ഷൻ ഗുണ്ടാ സംഘങ്ങൾ പ്രവർത്തിക്കുന്നതുമായി ബന്ധ പ്പെട്ടതാണെന്നും ടി വിഷയം സംബന്ധിച്ച് 02.11.2020ൽ ടിയാന് അയച്ചുകൊ ടുത്തിരുന്ന മറുപടി കത്തിൽ മേൽ വിവരിച്ച പേരുകളിലുള്ള ഗുണ്ടാ സംഘങ്ങൾ ഓച്ചിറ പോലീസ് സ്റ്റേഷൻ പരിധിയിൽ പ്രവർത്തിക്കുന്നി ല്ലെന്ന് വ്യക്തമാക്കിയിരുന്നുവെന്നാണ്. ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷ സംബന്ധിച്ച് എസ്.പി.ഐ.ഒ. ആവശ്യമായ വിവരങ്ങൾ കൈമാ റുന്നതിന് സന്നദ്ധനാണെന്ന് കാണിച്ച് മറുപടി തയ്യാറാക്കി അയച്ചിരുന്നതും ടിയാൻ സ്റ്റേഷനിൽ ഹാജരായി ആയത് കൈപ്പറ്റാൻ സമ്മതമാണെന്ന് അറി യിച്ചിരുന്നുവെന്നുമാണ്. കൂടാതെ കമ്മീഷനിൽ സമർപ്പിച്ച അപ്പീൽ ഹർജി യിൽ ടിയാൻ അപ്പീൽ സമർപ്പിച്ചതായി സൂചിപ്പിച്ചിട്ടുള്ളതും എന്നാൽ ടി

അപ്പീൽ ഹർജി ടി കാര്യാലയത്തിൽ ലഭിച്ചിട്ടില്ലാത്തതിനാലാണ് അപ്പീൽ തീർപ്പാക്കി ടിയാന് മറുപടി അയയ്ക്കാൻ സാധിക്കാതിരുന്നതെന്നുമാണ്. തുടർന്ന് ഹർജിക്കാരന്റെ മൊബൈൽ ഫോണിൽ ബന്ധപ്പെടുകയും അപ്പീൽ സംബന്ധമായ വിവരങ്ങൾ ആരായുകയും ടി കാര്യാലയത്തിൽ ഹാജരാകുന്നതിന് സമ്മതം അറിയിക്കുകയും തുടർന്ന് ടിയാന്റെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ഓച്ചിറ പോലീസ് സ്റ്റേഷൻ എസ്.പി.ഐ.ഒ. അയച്ചു നൽകിയതിന്റെ പകർപ്പ് 11.03.2021ന് ടി കാര്യാലയത്തിൽ നേരിട്ട് ഹാജരായി കൈപ്പറ്റിയിട്ടുണ്ടെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ ഒന്നാം അപ്പീലിന് അപ്പീൽ അധികാരി മറുപടി ലഭ്യമാക്കിയില്ലെന്നാണ് ടിയാന്റെ കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട രേഖകൾക്കായി ഫീസൊടുക്കാൻ ആവശ്യപ്പെട്ടിട്ട് തുക ഒടുക്കിയില്ലെന്നു കമ്മീഷനു ബോധ്യമാകുന്നു. കൂടാതെ ഹർജിക്കാരന്റെ അപ്പീൽ അപേക്ഷ ടി ആഫീസിൽ ലഭിക്കാത്തതിനാലും ടിയാനു വിവരം നൽകിയതായി കാണുന്നതിനാലും ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2023 ജനുവരി 30–ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/